# Exodus

## ബത്തേരി രൂപതാ ബുള്ളറ്റിൻ

NO. 11
VOLUME 44
DECEMBER 2018






പുൽപ്പള്ളി പഴശ്ശിരാജ കോളേജിന്റെ ആഭിമുഖ്യത്തിൽ വയനാടിന്റെ സമഗ്രവികസനത്തിന് തനതായ സംഭാവന നൽകിയിട്ടുള്ള വ്യക്തികൾക്ക് നൽകപ്പെടുന്ന പഴശ്ശിരാജ അവാർഡ് മുസ്ലീം ലീഗ് സംസ്ഥാന  അധ്യക്ഷൻ പാണക്കാട് സയ്യിദ് ശിഹാബ് തങ്ങൾക്ക് വേണ്ടി ഷഹീർ അലി ഷിഹാബ് തങ്ങൾ രൂപതാദ്ധ്യക്ഷൻ അഭി. ഡോ. ജോസഫ് മാർ തോമസ് മെത്രാപ്പോലീത്തായിൽ നിന്നും ഏറ്റു വാങ്ങുന്നു




എടക്കര എം. സി. എ. യുടെ നേതൃത്വത്തിൽ ആത്മായരെ ആദരിച്ച ചടങ്ങിൽ അഭിവന്ദ്യ പിതാവ് പ്രസംഗിക്കുന്നു



പുതുതായി നിർമ്മിക്കുന്ന എള്ളുമന്ദം  ദൈവാലയത്തിന്റെ തറക്കല്ല് ആശീർവദിക്കുന്നു



'നിറവ്' – സൗജന്യ ഉച്ചഭക്ഷണപദ്ധതിയുടെ ഭാഗമായി പോത്തുകല്ലിൽ അഞ്ചാമത്തെ സെന്ററിന്റെ ഉദ്ഘാടനം അഭിവന്ദ്യ പിതാവ്  നിർവ്വഹിക്കുന്നു

# Exodus

വാല്യം 44 ഡിസംബർ 2018 ലക്കം 11

## Bulletin Team

**PATRON**
Most Rev. Dr. Joseph Mar Thomas

**CO-PATRONS**
Rt. Rev.Msgr. Mathew Arambankudy Corepiscopo
Very Rev. Msgr. Dr. Thomas Kanjiramukalil

**EDITOR**
Rev. Fr. Varghese Kaniyamparambil
E-mail:vkshinto@gmail.com
Mobile : 8281141310

**EDITORIAL BOARD**
Very Rev. Fr. Philip Mathew Vettikatt
(Advisory Editor)
Bro. Poovathumkunnel Kuriakose
(Circulation Manager)

**TECHNICAL SUPPORT**
Very Rev. Fr. Samuel Puthuppady
Sri. V. P. Thomas
Prof. Philomina K. J.

**Printed, Published & Owned by**
Very Rev. Fr.Philip Mathew Vettikatt
Chancellor, Bathery Diocese -
exodussby@gmail.com

**Printed at**
Josin Offset Press, SBY
Ph: 04936 - 227 226

## ഉൾത്താളുകളിൽ

ഇടയശബ്ദം
സഭാവാർത്തകൾ.............................9
മലങ്കര സഭാവാർത്തകൾ..............9
രൂപതാവാർത്തകൾ.........................9
എം.സി.എ..........................................10
സുവിശേഷസംഘം........................12
വിശ്വാസപരിശീലനം........................15
മാതൃവേദി..........................................15
ശ്രേയസ്...........................................17
ഉന്നതവിദ്യാഭ്യാസവേദി ....................18
ഇതരവാർത്തകൾ .........................25

# Bishop's Programme

## December 2018

| Date | Day | Programme |
|---|---|---|
| 1 | Saturday | Shreyas |
| 2 | Sunday | Korome |
| 3 | Monday | Pothukallu, Erumamunda, Nilambur |
| 4-5 | Tues-Wednesday | KCBC Meeting |
| 6 | Thursday | Muvattupuzha(3pm) |
| 7 | Friday | Synod |
| 8 | Saturday | Mundoor, Palakkad |
| 9 | Sunday | Josegiri |
| 10 | Monday | Anakkallu |
| 11-12 | Tues-Wednesday | Engaged |
| 13 | Thursday | House Blessing |
| 14 | Friday | Charismatic Meeting |
| 15 | Saturday | Youth Assembly |
| 16 | Sunday | Kolithattu |
| 17 | Monday | Engaged |
| 18 | Tuesday | Widows Meet |
| 19 | Wednesday | Bathery |
| 20 | Thursday | Shreyas |
| 21 | Friday | Aitec, Calicut |
| 22 | Saturday | YMCA Meeting, Chungathara |
| 23 | Sunday | Ecumenical Christmas Gathering, Thamarassery |
| 24 | Monday | Kallichal |
| 25 | Tuesday | Christmas |
| 26 | Wednesday | KCYM Meeting, Kasargode |
| 27 | Thursday | Ordination |
| 28 | Friday | Jesus Youth Meeting |
| 29 | Saturday | KCYM, Trivandrum |
| 30 | Sunday | Devarshola |
| 31 | Monday | Parish Council |



## ഇടയശബ്ദം

# ക്രിസ്തുമസ്

ദൈവപുത്രന്റെ ജന്മദിനമാണ് ക്രിസ്തുമസ്സ്. ക്രിസ്തുമസ്സ് നൽകുന്നത് സന്തോഷത്തിന്റെയും, നന്മയുടെയും, സമാധാനത്തിന്റെയും, പ്രത്യാശയുടേതുമായ സന്ദേശമാണ്. ക്രിസ്തു ജനിക്കുവാൻ ഇടം തേടുന്നത് നമ്മുടെ ഹൃദയങ്ങളിലാണ്. നമ്മുടെ ഹൃദയങ്ങളെ ഒരുക്കി ഒരു പുൽക്കൂടാക്കി മാറ്റേണ്ട കാലമാണിത്. ക്രിസ്തു ജനിക്കേണ്ട മറ്റിടങ്ങളുമുണ്ട്. വിശക്കുന്നവരുടെ ഇടയിൽ, വിവേചനം അനുഭവിക്കുന്നവരുടെ ഇടയിൽ, നീതിക്കുവേണ്ടി പോരാടുന്നവരുടെ ഇടയിൽ, സമാധാനത്തിനുവേണ്ടി കാത്തിരിക്കുന്നവരുടെ ഇടയിൽ. ചൂഷണം അനുഭവിക്കുന്നവരുടെ ഇടയിൽ. ഇവിടെയെല്ലാം ക്രിസ്തു ജനിക്കേണ്ട സന്ദർഭമാണിത്.

ബത്‌ലഹേമിലാണ് യേശു പിറന്നത്. അത് അപ്പത്തിന്റെ ഭവനമാണ്. വിശക്കുന്നവർക്ക് അപ്പം നൽകാനും, വീടില്ലാത്തവർക്ക് വീടു നൽകാനും, രോഗികൾക്ക് ചികിത്സ നൽകാനും, പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനും നമുക്ക് കഴിയുമ്പോൾ നാമും ബത്‌ലഹേമിൽ ജനിച്ച യേശുവിന്റെ സ്വന്തമായി മാറും.



യേശുവിനെ കണ്ടെത്താനും, അവനോടൊപ്പം നടക്കാനുമുള്ള ഒരു പുതിയ കാലത്തിലേക്ക് നമുക്ക് പ്രവേശിക്കാം. യേശുവിന്റെ കൂടെ നാം നടക്കുമ്പോൾ ഒരു പുതിയ സംസ്കാരത്തിന്റെ അവകാശികളായി മാറും. അത് സ്നേഹത്തിന്റെ സംസ്കാരവും, ജീവന്റെ സംസ്കാരവും, പങ്കുവയ്ക്കലിന്റെ സംസ്കാരവും നമുക്കു നൽകും. നമ്മുടെ ക്രിസ്തുമസ്സ് ആഘോഷങ്ങളിലും ജീവിതത്തിലുമെല്ലാം യേശുവിന്റെ കൂടെ നടന്ന് ഒരു പുതിയ സംസ്കാരത്തിന് നമുക്ക് നേതൃത്വം നൽകാം.

നമ്മുടെ ജീവിതത്തിൽ നമുക്ക് ലഭിക്കുന്ന ഏറ്റവും വലിയ സമ്മാനം യേശുവിനെ കണ്ടുമുട്ടി അവന്റെ കൂടെ യാത്ര ചെയ്യുന്നതാണ്. ക്രിസ്ത്യാനിയുടെ ജീവിതം യേശുവിനെ കണ്ടുമുട്ടാനുള്ള ജീവിതമാണ്. ഈ ക്രിസ്തുമസ് കാലം യേശുവിനെ കണ്ടെത്തി അവനെ അനുഗമിക്കാൻ നമുക്ക് പരിശ്രമിക്കാം.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ..

എല്ലാവർക്കും ക്രിസ്തുമസ്സിന്റെ മംഗളങ്ങൾ

**✠ ഡോ. ജോസഫ് മാർ തോമസ്**
(രൂപതാദ്ധ്യക്ഷൻ)

# മലങ്കര സുറിയാനി കത്തോലിക്കാ സഭ

# എം.സി.വൈ.എം. സുവർണ്ണജൂബിലി വർഷം സഭാതല സമാപനം

## (2019 ജനുവരി 19 ശനി, മാവേലിക്കര കത്തീഡ്രൽ)

ക്രിസ്തുവിൽ പ്രിയ വൈദീകരെ, സന്ന്യസ്ഥരെ, യുവജന ശുശ്രൂഷാ സഹകാരികളെ, യുവജനസുഹൃത്തുക്കളെ!

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനപ്രസ്ഥാനമായ മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റിന്റെ (എം.സി.വൈ.എം.)സുവർണ്ണ ജൂബിലി വർഷത്തിൽ നിങ്ങൾക്കേവർക്കും സ്നേഹപൂർവ്വമായ ആശംസകളും പ്രാർത്ഥനകളും നേരട്ടെ.

രണ്ടാം വത്തിക്കാൻ സുന്നഹദോസ്, സഭയുടെ ഭാവിയായ യുവജനങ്ങളെ ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണ് എന്ന ചിന്ത കത്തോലിക്കാ സഭക്ക് പകർന്നു നൽകുന്നതിന് നാളുകൾക്ക് മുമ്പ് തന്നെ മലങ്കര സഭയിൽ യുവജന പ്രസ്ഥാനം ശക്തി പ്രാപിച്ചു എന്നത് ശ്രദ്ധേയമാണ്. യുവജനവർഷം പ്രഖ്യാപിച്ചുകൊണ്ടുള്ള സർക്കുലറിൽ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ പ്രസ്താവിച്ചിരിക്കുന്നതുപോലെ പുനരൈക്യ പ്രണേതാവായ ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ കാലം മുതൽക്കേ യുവജനങ്ങൾ സഭാ ശുശ്രൂഷയിൽ സജീവമായി പങ്കുചേർന്നിരുന്നുവെങ്കിലും നിയതമായ ക്രമത്തോടെ അണിചേർന്നത് 1968 ഫെബ്രുവരി 28ന് തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിലാണ്. ഭാഗ്യ സ്മരണാർഹനായ സഖറിയാസ് മാർ അത്തനാസിയോസ് പിതാവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ പൗരസ്ത്യ തിരുസംഘ അദ്ധ്യക്ഷൻ കർദ്ദിനാൾ ഫുസ്റ്റൻബർഗ് തിരുമേനി 'കേരള കത്തോലിക്കാ യുവജന സംഘടന' എന്ന പേരിൽ മലങ്കരയിലെ ആദ്യ യുവജന പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. 1971 ൽ അവിഭക്ത തിരുവനന്തപുരം അതിരൂപതയിൽ പത്തനംതിട്ട കേന്ദ്രമാക്കി ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ അനുവാദത്തോടെ പുണ്യശ്ലോകനായ ഡൊമിനിക്ക് സഖറിയ അച്ചന്റെ നേതൃത്വത്തിൽ യുവജനങ്ങൾ സംഘടനയായി ഒരുമിച്ച് കൂടുകയും മലങ്കര കത്തോലിക്കാ യുവജന പ്രസ്ഥാനം (എം.സി.വൈ.എം.) എന്ന നാമം സ്വീകരിക്കുകയും ചെയ്തു. 1984 – ൽ 3 ഭദ്രാസനങ്ങളിലെയും യുവജന പ്രസ്ഥാനം എം.സി.വൈ.എം. എന്ന പേര് ഔദ്യോഗികമായി സ്വീകരിച്ചു. വിവിധ ഭദ്രാസനങ്ങളിലെ യുവജനപ്രസ്ഥാനങ്ങളെ ഏകീകരിക്കുന്നതിനായി 1990 – ൽ എം.സി.വൈ.എം സഭാതല സമിതി രൂപീകരിച്ചു. സുവർണ്ണ ജൂബിലി നിറവിൽ ആയിരിക്കുമ്പോൾ മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ എല്ലാ ഇടവകകളിലും മിഷനു

കളിലും യുവജനങ്ങൾക്ക് സഭാത്മക ചൈതന്യം നൽകുവാൻ എം.സി. വൈ.എം. പ്രവർത്തിക്കുന്നു എന്നുള്ളതിൽ സഭയിലെ പിതാക്കന്മാരെല്ലാം സന്തോഷിക്കുകയും യുവജനപ്രസ്ഥാനത്തിന്റെ അനുദിനപ്രവർത്തനങ്ങളിൽ വിശ്വാസതീക്ഷ്ണതയോടെ പ്രവർത്തിക്കുന്ന നിങ്ങൾ ഏവരേയും ശ്ലാഘിക്കുകയും ചെയ്യുന്നു.

2018 ജനുവരി 28 ന് പത്തനംതിട്ടയിൽ നടന്ന എം.സി.വൈ.എം. ഗ്ലോബൽ മീറ്റ് സമാപനസമ്മേളത്തിൽ ബാവാതിരുമേനി ജൂബിലി വർഷം ഉദ്ഘാടനം ചെയ്യുകയും യുവജന പ്രസ്ഥാനത്തിന്റെ സുവർണ്ണ ജൂബിലി വർഷത്തെ, മാർച്ച് 25 ന് സഭയിൽ യുവജനവർഷമായി പ്രഖ്യാപിക്കുകയും ചെയ്തു. സുവർണ്ണജൂബിലി വർഷത്തിൽ ഭദ്രാസന, വൈദീകജില്ലാ/മേഖലാ തലങ്ങളിൽ വിവിധ കർമ്മപരിപാടികൾ ക്രമീകരിക്കുകയും യുവജന കൂട്ടായ്മകൾ സംഘടിപ്പിക്കുകയും മുൻകാല നേതാക്കന്മാരെ ആദരിക്കുകയും യൂത്ത് ക്രോസ് പ്രയാണങ്ങൾ നടത്തുകയും ചെയ്തു. സുവർണ്ണ ജൂബിലിയുടെയും യുവജനവർഷത്തിന്റെയും സമാപനത്തോടടുക്കുന്ന ഈ വേളയിൽ നാമേവരും ഒന്നുചേർന്ന് ദൈവത്തിന് നന്ദി പറയുകയും നമ്മുടെ സഭാത്മകതയെ പരിപോഷിപ്പിക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. സമാപനആഘോഷങ്ങളോട് ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന ക്രമീകരണങ്ങളാണ് നാം ചെയ്യാൻ ആഗ്രഹിക്കുന്നത്.

സുവർണ്ണ ജൂബിലി സമാപനം ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ജന്മനാടായ മാവേലിക്കരയിൽ സംഘടിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നു. 2019 ജനുവരി 19 ന് ശനിയാഴ്ച രാവിലെ 8.30 ന് ജൂബിലി പ്രയാണങ്ങൾ എത്തിചേരുന്നതോടെ മാവേലിക്കര കത്തീഡ്രലിൽ ജൂബിലി സമ്മേളനം ആരംഭിക്കും. അത്യഭിവന്ദ്യ ബാവാതിരുമേനി ഉദ്ഘാടനം ചെയ്യുന്ന ജൂബിലി സമ്മേളനത്തിൽ എം.സി.വൈ.എം. മുൻകാല നേതാക്കന്മാരെ ആദരിക്കുന്നതോടൊപ്പം സഭയുടെ സ്വപ്നവും പ്രതീക്ഷയും ഭാവിയുമായ യുവജനങ്ങളോട് ബാവാ തിരുമേനി സംവദിക്കുകയും ചെയ്യും. ഈ സമ്മേളനത്തിലേക്ക് എല്ലാ യൂണിറ്റ് ഡയറക്ടർ അച്ചന്മാരേയും ആനിമേറ്റർ സിസ്റ്റേഴ്സിനെയും ലേ ആനിമേറ്റേഴ്സിനെയും യുവജനങ്ങളെയും യുവജന ശുശ്രൂഷയിൽ സഹകാരികളാകുന്ന ഏവരേയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

സുവർണ്ണ ജൂബിലി വർഷത്തിൽ എം.സി.വൈ.എം പ്രസ്ഥാനത്തിനായി അത്യദ്ധ്വാനം ചെയ്ത മുൻകാല നേതൃനിരയെ അനുസ്മരിക്കാം. ഗതാഗത മാർഗങ്ങളും ആശയവിനിമയോപാധികളും ദുഷ്ക്കരമായ ഒരു കാലഘട്ടത്തിൽ അതിനെയെല്ലാം അതിജീവിച്ച് സഭയോടുള്ള സവിശേഷ സ്നേഹത്താൽ യുവജനസഭയെ കെട്ടിപ്പടുക്കാൻ ചോരയും നീരും ഒഴുക്കിയ മുൻതലമുറയുടെ ത്യാഗത്തിന്റെ ഫലമാണ് കൃത്യമായ ഭരണ സംവിധാനവും കെട്ടുറപ്പുമുള്ള ഈ യുവജന സംഘടന. എം.സി.വൈ.എം പ്രസ്ഥാനത്തിന് വിവിധ കാലഘട്ടങ്ങളിൽ ധീരനേതൃത്വം നൽകി ദൈവ സന്നിധിയിലേക്ക് കടന്നുപോയവരേയും എം.സി.വൈ.എം പ്രസ്ഥാനത്തിൽ ആരംഭിച്ച സഭാശുശ്രൂഷ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായിരുന്നു

കൊണ്ട് ഇന്നും സഭയുടെ വിവിധ പ്രസ്ഥാനങ്ങളിലൂടെ അനുസ്യൂതം തുടരുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. ഇന്ന് മലങ്കര സഭ ഇത്ര ശക്തിയോടെ വളരുന്നുവെങ്കിൽ അതിന് പ്രബലകാരണം സഭാ നേതൃത്വത്തോട് ചേർന്ന് ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന അല്മായരുടെ ത്യാഗോജ്ജ്വലമായ അദ്ധ്വാനങ്ങളുടെ ഫലമാണ്.

മുമ്പോട്ടുള്ള യാത്രയിൽ കൂടുതൽ സംഘാതമായ പ്രവർത്തനത്തിനുവേണ്ടി ചെയ്തിരിക്കുന്ന മറ്റു ക്രമീകരണങ്ങൾ കൂടി ഏവരും ശ്രദ്ധിക്കുമല്ലോ.

1. 2019 ജനുവരി 1 മുതൽ എം.സി.വൈ.എം. പ്രസ്ഥാനത്തിന്റെ ഉയർന്ന പ്രായപരിധി 30 വയസായി നിജപ്പെടുത്തിയിരിക്കുന്നു.

2. ഭദ്രാസന, സഭാതല സമിതികളുടെ തെരഞ്ഞുടപ്പ് ഏകീകരണത്തിനും 30 വയസിൽ താഴെയുള്ളവർ നേതൃനിരയിലേക്ക് എത്തുന്നതിനുള്ള ക്രമീകരണത്തിനും നിലവിലുള്ള സഭാതലസമിതി ഒരു വർഷം കൂടെ തുടരുവാൻ 2018 നവംബർ 20-ന് കാതോലിക്കേറ്റ് സെന്ററിൽ കൂടിയ ഭദ്രാസന ഡയറക്ടർ, പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ യോഗം നിർദ്ദേശിക്കുകയും ബാവാ തിരുമേനി അത് അംഗീകരിക്കുകയും ചെയ്തു. ആയതിനാൽ എല്ലാ സമിതികളിലേക്കുമുള്ള അടുത്ത തിരഞ്ഞെടുപ്പ് 2020 ജനുവരി മാസത്തോടെ പൂർത്തീകരിക്കുന്നതാണ്.

3. നമ്മുടെ സഭാമക്കൾ സർക്കാർ ജോലികളിലേക്ക് കൂടുതലായി കടന്നുവരുവാൻ ആവശ്യമായ പരിശീലനം അതത് ഭദ്രാസനത്തിലെ യുവജനനേതൃത്വം ഏറ്റെടുത്ത് ചെയ്യണമെന്നത് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. യൂണിറ്റ് തലം മുതൽ അതിനാവശ്യമായ പ്രോത്സാഹനവും പരിശീലനവും നൽകുവാനായി ശ്രദ്ധിക്കുക.

കേരളം കണ്ട ഏറ്റവും വലിയ പ്രളയത്തിൽ ജനം ഒന്നാകെ വലഞ്ഞപ്പോൾ കൈയ്യും മെയ്യും മറന്ന് സഹായത്തിനെത്തിയ എല്ലാ യുവജനങ്ങളെയും അഭിനന്ദിക്കുന്നു. എം.സി.വൈ.എം. പ്രസ്ഥാനത്തിന്റെ സാമൂഹിക മാനം അനേകർക്ക് അനുഭവവേദ്യമാകുവാൻ നിങ്ങളുടെ പ്രവർത്തനങ്ങൾക്കായി എന്നതിൽ സന്തോഷിക്കുന്നു.

വരും വർഷങ്ങളിൽ കൂടുതൽ ആത്മീയ ഉണർവ്വോടെ, സഭാസ്നേഹത്തോടെ സമൂഹ ഉന്നമനത്തെ ലക്ഷ്യം വെച്ച് യുവജനസഭാ പ്രവർത്തനങ്ങൾ ശക്തിയാർജ്ജിക്കുവാൻ നമുക്കേവർക്കും പരിശ്രമിക്കാം.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ

**✠ വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്ത**

ചെയർമാൻ, സഭാതല യുവജന സിനഡൽ കമ്മീഷൻ,

മാർത്താണ്ഡം ഭദ്രാസനാദ്ധ്യക്ഷൻ

30-11-2018

കാതോലിക്കേറ്റ് സെന്റർ

പട്ടം, തിരുവനന്തപുരം

---

*N.B: ഈ സർക്കുലർ അടുത്ത ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ ഇടവകകളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാകേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.*

## സഭാ വാർത്തകൾ

### പത്രപ്രവർത്തകർ സത്യം തേടുന്നവരായിരിക്കണം – ഫ്രാൻസിസ് മാർപാപ്പ

സത്യത്തോടും നിഷ്പക്ഷതയോടുമായിരിക്കണം പത്രപ്രവർത്തകരുടെ പ്രതിബദ്ധതയെന്ന് മാർപാപ്പ പ്രസ്താവിച്ചു. ശബ്ദമില്ലാത്തവരുടെ ശബ്ദമാകാൻ പത്രപ്രവർത്തകർക്ക് കഴിയണം. പത്രപ്രവർത്തകരെ ശ്രവിക്കാനും അവർ തൊഴിലെടുക്കുന്ന സമൂഹങ്ങളുമായി, പരസ്പരബന്ധത്തിന്റെ പാലങ്ങൾ പണിയാനും ഞാൻ തയ്യാറാണെന്ന് മാർപാപ്പ വ്യക്തമാക്കി. ഇറ്റലിയിലെ ഒരു കത്തോലിക്ക വാർത്ത ഏജൻസിയുടെ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു മാർപാപ്പ.

### ആഗോളതാപനം : ധാർമ്മിക ബാധ്യത ഓർമ്മിപ്പിച്ച് ബിഷപ്പുമാർ

ആഗോളതാപനം 1.5 ഡിഗ്രിയിൽ പരിമിതപ്പെടുത്താനുള്ള പാരിസ് കാലാവസ്ഥ ഉടനടി പാലിക്കാൻ ഗവൺമെന്റുകൾക്ക് ധാർമ്മികമായ ബാദ്ധ്യത ഉണ്ടെന്ന് ബിഷപ്പുമാരുടെ കൂട്ടായ്മ. പാരിസ് ഉടമ്പടി പ്രകാരം നടപ്പിലാക്കേണ്ട സുതാര്യവും നീതിപൂർവ്വകവുമായ പാരിസ്ഥിതിക മാറ്റങ്ങൾ ദുർബലരായ ജനങ്ങളുടെയും രാജ്യങ്ങളുടെയും ജീവൻമരണ പ്രശ്നമാണെന്ന് ലാറ്റിൻ അമേരിക്ക, ഏഷ്യ, ആഫ്രിക്ക, ഓഷ്യാന, യൂറോപ്പ് എന്നീ ഭൂഖണ്ഡങ്ങളിലെ ബിഷപ്പുമാരുടെ കൂട്ടായ്മ പുറപ്പെടുവിച്ച സംയുക്ത പ്രസ്താവനയിൽ വ്യക്തമാക്കി.

## മലങ്കര സഭാ വാർത്തകൾ

### അസാധാരണ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ്

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ അസാധാരണ 23–ാമത് പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് മൂവാറ്റുപുഴ ബിഷപ്സ് ഹൗസിൽ 2018 ഡിസംബർ 6, 7 തീയതികളിൽ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവായുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. യുവജനവർഷ സമാപനം, നമ്മുടെ സഭയിലെ വൈദികരുടെ ആഗോളസംഗമം, രണ്ടാമത് സഭാ അസംബ്ലി, പുനരൈക്യ ശതാബ്ദി ആഘോഷം, തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തു. മെത്രാപ്പോലിത്തൻ ആർച്ച്ബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ് (സുന്നഹദോസ് സെക്രട്ടറി), അഭിവന്ദ്യരായ യൂഹാനോൻ മാർ ക്രിസോസ്റ്റം, ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ഡോ. ജോസഫ് മാർ തോമസ്, ഡോ. ജേക്കബ് മാർ ബർണബാസ്, ഡോ. ഏബ്രഹാം മാർ യൂലിയോസ്, ഡോ. വിൻസെന്റ് മാർ പൗലോസ്, ഡോ. തോമസ് മാർ യൗസേബിയൂസ്, ഡോ. ഗീവർഗീസ് മാർ മക്കാറിയോസ്, ഡോ. യൂഹാ

നോൻ മാർ തെയഡോഷ്യസ്, ഡോ. തോമസ് മാർ അന്തോണിയോസ്, ഡോ. സാമുവൽ മാർ ഐറേനിയോസ് എന്നിവർ സന്നിഹിതരായിരുന്നു.

## ഇവാനിയൻ ധ്യാനം

സുവിശേഷസംഘത്തിന്റെ ആഭിമുഖ്യത്തിൽ ഇവാനിയൻ ധ്യാനം 2018 ഡിസംബർ 11 മുതൽ 13 വരെ പട്ടം കാതോലിക്കേറ്റ് സെന്ററിൽ നടന്നു. റവ. ഫാ. സൈമൺ എലുവത്തിങ്കൽ ധ്യാനത്തിന് നേതൃത്വം നൽകി. വിവിധ ഭദ്രാസനങ്ങളിൽനിന്നുള്ള വൈദികരും സന്യസ്തരും അല്മായരും ഉൾപ്പെടെ ഏകദേശം 50 പേർ പങ്കെടുത്തു.

# രൂപതാ വാർത്തകൾ

## രൂപതാ വൈദിക സമ്മേളനം

മലങ്കര കത്തോലിക്കാ സഭ സിനഡിന്റെ നിർദ്ദേശപ്രകാരം സഭാതലത്തിൽ നടത്തുന്ന സമ്മേളനത്തിന് മുമ്പായി ബത്തേരി രൂപതയിൽ വൈദിക സമ്മേളനം നവംബർ 23 ന് അരമനയിൽ വച്ച് നടന്നു. സമ്മേളനത്തിൽ സഭാതല വൈദീക കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ മക്കാറിയോസ് തിരുമേനി പങ്കെടുത്തു. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് തിരുമേനി സമ്മേളനം ഉദ്ഘാടനം ചെയ്തു. വൈദിക കമ്മീഷൻ സെക്രട്ടറി വെരി റവ. ഫാ. സണ്ണി മാത്യു ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. സമ്മേളനത്തിൽ രൂപതയിലെ 61 ലധികം വൈദീകർ പങ്കെടുത്തു.

## എജ്യുക്കേഷൻ കൗൺസിൽ യോഗം

എജ്യുക്കേഷൻ കൗൺസിൽ അംഗങ്ങളുടെ യോഗം നവംബർ 21 ന് അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ശ്രേയസ് ഓഡിറ്റോറിയത്തിൽ വച്ച് സമ്മേളിച്ചു. പ്രസ്തുത യോഗത്തിൽ വിദ്യാഭ്യാസമേഖലയിൽ പുലർത്തേണ്ട നവീന മാറ്റങ്ങളെക്കുറിച്ചും കഴിഞ്ഞ കാല പ്രവർത്തനങ്ങളെക്കുറിച്ചും ചർച്ച ചെയ്തു.

## പ്രധാന അധ്യാപകരുടെ യോഗം

രൂപതയിലെ എൽ. പി., യു. പി., ഹൈസ്കൂൾ വിദ്യാലയങ്ങളിലെ പ്രധാന അധ്യാപകരുടെ യോഗം നവംബർ 23 ന് ശ്രേയസ് ഓഡിറ്റോറിയത്തിൽ വച്ച് അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. വിവിധ വിദ്യാലയങ്ങളിലെ പ്രവർത്തനങ്ങളെകുറിച്ച് വിലയിരുത്തി സംസാരിച്ചു.

## ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ്

ബത്തേരി രൂപതാ വൈദീകരുടെ പ്രഥമ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ് പ്രീസ്റ്റ്സ് വെൽഫെയർ അസോസിയേഷന്റെ നേതൃത്വത്തിൽ ഗുരുകുലം

മൈനർ സെമിനാരിയിൽ വെച്ച് നടത്തപ്പെട്ടു. വിവിധ വൈദീക മേഖല കളിൽ നിന്നായി ആറ് ടീമുകൾ പങ്കെടുത്തു. ബത്തേരി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് തിരുമേനിയും പുത്തൂർ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഗീവർഗീസ് മാർ മക്കാറിയോസ് തിരുമേനിയും മത്സരത്തിന് സന്നിഹിതരായിരുന്നു. മത്സരത്തിൽ ബത്തേരി വൈദീക മേഖല ഒന്നാം സ്ഥാനവും കണ്ണൂർ വൈദിക മേഖല രണ്ടാം സ്ഥാനവും മാനന്തവാടി വൈദിക മേഖല മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

## 'നിറവ്' ഉച്ചഭക്ഷണ പദ്ധതി

സഭയുടെ തലവനും പിതാവുമായ കർദ്ദിനാൾ ബസ്സേലിയോസ് ക്ലീമീസ് കാതോലിക്കാബാവായുടെ 60-ാം ജന്മദിന ആഘോഷങ്ങളുടെ ഭാഗമായി എടക്കര മേഖല അജപാലന സമിതി പൊതുസമൂഹത്തിന്റെയും വ്യാപാരി വ്യവസായികളുടെയും സഹകരണത്തോടെ നിലമ്പൂർ (ചന്തക്കുന്ന്) ചുങ്കത്തറ, എടക്കര, വഴിക്കടവ് എന്നീ ടൗണുകളിൽ നടപ്പാക്കിയിരിക്കുന്ന നിറവ് വിശപ്പ് രഹിതഗ്രാമം സൗജന്യ ഉച്ചഭക്ഷണ പദ്ധതി പുതിയതായി പോത്തുകല്ലിലും മൂത്തേടം കാരപ്പുറത്തും ആരംഭിച്ചു. 3-12-2018 ന് പോത്തുകല്ലിലും 10-12-18 ന് മൂത്തേടം കാരപ്പുറത്തും അഭിവന്ദ്യ ജോസഫ് മാർ തോമസ് പിതാവ് ഉദ്ഘാടനം ചെയ്തു. വ്യാപാരി സുഹൃത്തുക്കൾ, സാമൂഹ്യപ്രവർത്തകർ ഉൾപ്പെടെ നിരവധി ആളുകൾ പങ്കെടുത്തു. 2018 ജൂലൈ 19 അഭിവന്ദ്യ ബാവ തിരുമേനി ഉദ്ഘാടനം ചെയ്ത പദ്ധതിയിൽ പ്രതിമാസം 750 ഉച്ചഭക്ഷണം നൽകപ്പെടുന്നു. പ്രോട്ടോ വികാരി ബഹു. റോയ് വലിയപറമ്പിലച്ചന്റെ നേതൃത്വത്തിൽ ഈ പദ്ധതി വിജയകരമായി മുന്നോട്ടുപോകുന്നു. ശ്രീ. എം.ഐ. ഏലിയാസ് സെക്രട്ടറിയും വി. പി. മത്തായി കോഓഡിനേറ്ററും ശ്രീ. വി. എം. ബാബു ട്രഷററുമായി 21 അംഗ ഡയറക്ടർ ബോർഡ് പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിന് നേതൃത്വം കൊടുക്കുന്നു.

# എം. സി. എ

## ബത്തേരി രൂപത റൂബി ജൂബിലി, എം. സി. എ. ആഘോഷം

മലങ്കര കത്തോലിക്ക സഭയുടെ അൽമായ പ്രസ്ഥാനമായ മലങ്കര കാത്തലിക് അസോസിയേഷന്റെ (എം. സി. എ.) ആഭിമുഖ്യത്തിൽ ബത്തേരി രൂപതയുടെ റൂബി ജൂബിലി നവംബർ 13 ന് ചൊവ്വാഴ്ച ബത്തേരി സെന്റ് തോമസ് കത്തീഡ്രൽ ദേവാലയത്തിൽ വെച്ച് ആഘോഷിച്ചു. അന്നേദിവസം രാവിലെ 8.30 ന് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിലും രൂപത യുടെ ആരംഭകാല വൈദീകരായ റൈറ്റ് റവ. തോമസ് ചരിവുപുരയിടം കോർ എപ്പിസ്കോപ്പായുടേയും, ചീഫ് വികാരി ജനറാൾ വെരി റവ. മോൺ.

മാത്യു അറമ്പൻകുടിയിൽ കോർ എപ്പിസ്കോപ്പായുടേയും കത്തീഡ്രൽ വികാരി വെരി റവ. ഡോ. തോമസ് കാഞ്ഞിരമുകളിൽ, പ്രോട്ടോ വികാരി റവ. ഫാ. തോമസ് കോഴിമണ്ണിൽ, റവ. ഫാ. തോമസ് പൊയ്കമണ്ണിൽ, മറ്റ് രൂപത വൈദീകർ എന്നിവരുടെ നേതൃത്വത്തിലുമാണ് സമൂഹബലി നടന്നത്. വി. കുർബാനയ്ക്ക് ശേഷം തിരുവനന്തപുരം താബോർ ധ്യാന കേന്ദ്രം ഡയറക്ടർ റവ. ഫാ. ദാനിയേൽ പൂവണ്ണത്തിൽ സുവിശേഷ ധ്യാനത്തിന് നേതൃത്വം നൽകി. ധ്യാനത്തിനു ശേഷം റൂബി ജൂബിലി സമ്മേളനത്തിന് എം. സി. എ. രൂപതാ പ്രസിഡണ്ട് ശ്രീ. എ. വി. മത്തായി അടിയോളിൽ അദ്ധ്യക്ഷത വഹിച്ചു. വെരി റവ. ഡോ. തോമസ് കാഞ്ഞിരമുകളിൽ ആമുഖ സന്ദേശം നൽകി. അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് തിരുമേനി  മുഖ്യസന്ദേശം നൽകുകയും രൂപതയുടെയും ഇടവകയുടെ രൂപീകരണത്തിലും, വളർച്ചയിലും സജീവ പങ്കാളിത്തം വഹിച്ച 106 ഇടവകകളിൽ നിന്നുള്ള ഓരോ അൽമായരെ മെമന്റോകൾ നൽകി ആദരിക്കുകയും ചെയ്തു. രൂപതയിലെ മുഴുവൻ ഇടവകകളിൽ നിന്നും ആയിരത്തഞ്ഞൂറോളം പ്രതിനിധികൾ പങ്കെടുത്തിരുന്നു. സമ്മേളനത്തിന് ശ്രീ. വി. പി. തോമസ്, ശ്രീ. തങ്കച്ചൻ ചരിവുപുരയിടം, ശ്രീ. ബിജു മറ്റമന, ശ്രീ. ജോയി ഓലിക്കൽ, ശ്രീ. പൈലി കല്ലൻകുളങ്ങര, ശ്രീ. തങ്കച്ചൻ പോക്കാട്ട്, ശ്രീ. ജോയി പി. ഒ. എന്നിവർ നേതൃത്വം നൽകി.

## ക്രിസ്തുമസ് –പുതുവത്സരാഘോഷം

ബത്തേരി രൂപത എം. സി. എ യുടെ നേതൃത്വത്തിൽ നടത്തി വരുന്ന രൂപതയിലെ ജീവകാരുണ്യ സ്ഥാപനമായ തപോവനത്തിന്റെ വാർഷികവും ക്രിസ്തുമസ് പുതുവത്സരാഘോഷവും 2018 ഡിസംബർ 27 ന് തപോവനത്തിൽ വച്ച് നടത്തപ്പെടുന്നതാണ്. തപോവന ഉപകാരികളേയും അഭ്യുദയകാംക്ഷികളേയും എം. സി. എ. പ്രവർത്തകരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

## ബത്തേരി മേഖല അസംബ്ളിയും തിരഞ്ഞെടുപ്പും

ബത്തേരി മേഖല എം. സി. എ. വാർഷിക അസംബ്ലിയും തിരഞ്ഞെടുപ്പും 2018 ഡിസംബർ 2 ഞായറാഴ്ച 3 മണിക്ക് ബത്തേരി പ്രതീക്ഷാ പാസ്റ്ററൽ സെന്ററിൽ വെച്ച് സമ്മേളിച്ചു. മേഖലാ പ്രസിഡന്റ് ശ്രീ. ജോയി ഓലിക്കലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം ബത്തേരി രൂപതാ എം. സി. എ. പ്രസിഡന്റ് ശ്രീ. എ. വി. മത്തായി അടിയോളിൽ ഉദ്ഘാടനം ചെയ്തു. പ്രോട്ടോവികാരിയും മേഖലാ ഡയറക്ടറുമായ വെരി റവ. ഫാ. തോമസ് കോഴിമണ്ണിൽ മുഖ്യസന്ദേശം നൽകി. റിപ്പോർട്ട് അവതരണത്തിന് ശേഷം ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടന്നു. താഴെ പറയുന്നവരെ ഭാരവാഹികളായി തിരഞ്ഞെടുക്കുകയും ചെയ്തു.

| | | |
|---|---|---|
| പ്രസിഡന്റ് | - | ശ്രീ. ജോയി ഓലിക്കൽ, ചീരാൽ |
| വൈ.പ്രസിഡന്റ് | - | ശ്രീ. ബേസിൽ കണപ്പള്ളിൽ, ബഢേരി |
| | - | ശ്രീമതി റേയ്ച്ചൽ ഐസക്ക്, ചീരാൽ |
| സെക്രട്ടറി | - | ശ്രീമതി സുമ വാലുമ്മേൽ, കത്തീഡ്രൽ |
| ജോ. സെക്രട്ടറി | - | ശ്രീ. എബ്രഹാം വേളൂക്കര, അമ്പുകുത്തി |
| | - | ശ്രീ. ബാബു പടിക്കമാലി, മൂലങ്കാവ് |
| ട്രഷറർ | - | ശ്രീ. ഏലിയാസ് നമ്പിച്ചൻകുടി, ചുള്ളിയോട് |
| നോമിനികൾ : | - | ശ്രീ. ബിജു മറ്റമന-മലങ്കര |
| | - | ശ്രീമതി ബബിത-കല്ലൂർ. |

തിരഞ്ഞെടുപ്പിന് മേഖല വൈദീക ഉപദേഷ്ടാവ് നേതൃത്വം നൽകി. ഭാര വാഹികൾ സത്യപ്രതിജ്ഞ ചൊല്ലി ചുമതല ഏൽക്കുകയും ചെയ്തു.

## എം. സി. എ. രൂപതാ അസംബ്ലിയും തിരഞ്ഞെടുപ്പും

ബത്തേരി രൂപതാ എം. സി. എ. അസംബ്ലിയും തിരഞ്ഞെടുപ്പും 2019 ജനുവരി 25, 26 തീയതികളിൽ ബത്തേരി ശ്രേയസ്സിൽ വെച്ച് നടക്കും. രൂപതാ അസംബ്ലിക്കു മുമ്പായി മേഖലാ അസംബ്ലികൾ പൂർത്തിയാക്കി തിരഞ്ഞെടുപ്പു വിവരം രൂപതാ വൈദിക ഉപദേഷ്ടാവിനെ 2019 ജനുവരി 5 ന് മുമ്പ് ഏൽപ്പിക്കേണ്ടതാണ്. അത്യഭിവന്ദ്യ സിറിൽ ബസ്സേലിയോസ് എൻഡോവ്മെന്റ് പ്രഥമ കാതോലിക്കായും, രൂപതയുടെ പ്രഥമ മെത്രാപ്പോലീത്തായുമായിരുന്ന കാലം ചെയ്ത സിറിൽ മാർ ബസ്സേലിയോസ് ബാവായുടെ സ്മരണാർത്ഥം ഏർപ്പെടുത്തിയ എജ്യുക്കേഷൻ സ്കോളർഷിപ്പിനുള്ള അപേക്ഷകൾ നിശ്ചിത ഫോറത്തിൽ പൂരിപ്പിച്ച് ഇടവകകളിൽ നിന്നും മേഖലാ പ്രസിഡന്റു വഴി രൂപതാ പ്രസിഡന്റിനെ ഏൽപ്പിക്കേണ്ടതാണ്. 2019 ജനുവരി 5 ന് മുമ്പായി അപേക്ഷകൾ നൽകേണ്ടതാണ്.

# സുവിശേഷസംഘം

## സുവിശേഷസംഘം ഡയറക്ടേഴ്സ് മീറ്റിംഗ്

സുവിശേഷസംഘം രൂപതാ ഡയറക്ടേഴ്സ് മീറ്റിംഗ് തിരുവനന്തപുരം കാതോലിക്കേറ്റ് സെന്ററിൽ വെച്ച് 2018 നവംബർ 13, 14 തീയതികളിൽ നടന്നു. ദ്വിദിന ധ്യാനാത്മക പരിശീലനവും പ്രവർത്തനങ്ങളുടെ അവലോകനവും നടപ്പു പ്രവർത്തനങ്ങളുടെ പ്ലാനിങ്ങും നടന്നു. അത്യഭിവന്ദ്യ കാതോലിക്കാ ബാവാ മുഖ്യസന്ദേശം നൽകി. സഭാതല ചെയർമാൻ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനിയും സഭാതല ഡയറക്ടർ വെരി റവ.ഡോ. ആന്റണി കാക്കനാട്ടും ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

മലങ്കരസഭയിലെ എല്ലാ രൂപതകളിൽ നിന്നും ഡയറക്ടേഴ്സ് പങ്കെടുത്തിരുന്നു.

## സുവിശേഷസംഘം രൂപതാ മീറ്റിംഗ്

സഭാതലത്തിലും രൂപതാ തലത്തിലും സുവിശേഷ ശുശ്രൂഷയ്ക്കായി കൈവെപ്പ് ലഭിച്ചവരുടെ രൂപതാതല മീറ്റിംഗ് 6-11-2018 ന് ബത്തേരി ശ്രേയസ്സിൽ വെച്ച് സമ്മേളിച്ചു. പ്രാർത്ഥനാ ശുശ്രൂഷകൾക്ക് രൂപതാ സുവിശേഷ സംഘം അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജോൺസൺ പള്ളിപടിഞ്ഞാറ്റേതിൽ നേതൃത്വം നൽകി. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് തിരുമേനി വചനസന്ദേശം നൽകി. രൂപതാ പ്രവർത്തന റിപ്പോർട്ട് ശ്രീ. വി. പി. തോമസ് അവതരിപ്പിച്ചു. മേഖലാ പ്രവർത്തന റിപ്പോർട്ട് മേഖലാ ലീഡേഴ്സ് അവതരിപ്പിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ ഭവനസന്ദർശനം കൽപ്പറ്റ മേഖലയിൽ തുടങ്ങുന്നതിന് തീരുമാനിച്ചു. മേഖലാതലങ്ങളിൽ സുവിശേഷ സംഘത്തിന്റെ നേതൃത്വത്തിൽ ഇതരഭക്ത സംഘടനാംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ഏകദിനധ്യാനം നടത്തുവാൻ തീരുമാനിച്ചു.

## ഭവനസന്ദർശനം – കമ്മന

കമ്മന ഇടവകയുടെ സ്ഥാപനത്തിന്റെ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സുവിശേഷസംഘം അംഗങ്ങൾ നവംബർ 17, 18 തീയതികളിൽ ഭവന സന്ദർശനം നടത്തി. 24 സുവിശേഷസംഘാംഗങ്ങൾ ഭവനസന്ദർശനത്തിന് എത്തിച്ചേർന്നിരുന്നു. 17-ാം തീയതി ഭവനസന്ദർശനവും 18-ാം തീയതി ഞായറാഴ്ച ദേവാലയ ശുശ്രൂഷകളും നടത്തി. ഞായറാഴ്ചത്തെ ക്ലാസ്സുകൾക്ക് ശ്രീ. ഒ. എസ്. തോമസ്, ശ്രീ. വി. പി. തോമസ് എന്നിവർ നേതൃത്വം നൽകി. ഭവനസന്ദർശന ശുശ്രൂഷയിൽ പങ്കാളികളായവർക്കെല്ലാം ഇടവകയുടെ വജ്രജൂബിലി മെമന്റോകൾ വികാരി റവ. ഫാ. ജെയിംസ് മലേപ്പറമ്പിൽ നൽകി ആദരിച്ചു.

## മേഖല പ്രാർത്ഥനാ സമ്മേളങ്ങൾ

### ബത്തേരി മേഖല

ബത്തേരി മേഖല സുവിശേഷസംഘം പ്രാർത്ഥനാ മീറ്റിംഗ് മൂലങ്കാവ് സെന്റ് ജോസഫ്സ് ദേവാലയത്തിൽ വെച്ച് നടന്നു. യാമപ്രാർത്ഥന, ജപമാല, ആരാധന, വചനപ്രഘോഷണം എന്നിവയ്ക്ക് മേഖലാ ഡയറക്ടർ റവ. ഫാ. തോമസ് തുണ്ടിയിൽ നേതൃത്വം നൽകി. ഇടവക വികാരി റവ. ഫാ. ചെറിയാൻ മുടമ്പള്ളിക്കുഴി സ്വാഗതം ചെയ്തു. ഉച്ചഭക്ഷണത്തോടുകൂടി യോഗം സമാപിച്ചു. ഇരുപതോളം അംഗങ്ങൾ സംബന്ധിച്ചു.

### നീലഗിരി മേഖല

നീലഗിരി മേഖലാ സുവിശേഷസംഘം പ്രാർത്ഥനാമീറ്റിംഗ് പുത്തൂർ വയൽ സെന്റ് പോൾസ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വച്ച് നടന്നു. ജപമാല, ആരാധന, വചനസന്ദേശം എന്നിവയ്ക്ക് മേഖലാ ഡയറക്ടർ റവ. ഫാ. ജോൺ എസ്. നേതൃത്വം നൽകി.

**കൽപ്പറ്റ മേഖല**

കൽപ്പറ്റ മേഖല സുവിശേഷ സംഘത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന സുവിശേഷ സന്ധ്യ ചീങ്ങേരി മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വെച്ച് നവംബർ ആദ്യ വെള്ളിയാഴ്ച വൈകുന്നേരം 5 മണിക്ക് നടന്നു. വി. കുർബാനയ്ക്കും പ്രാർത്ഥനാ ശുശ്രൂഷകൾക്കും പ്രോട്ടോ വികാരി വെരി. റവ. ഫാ. തോമസ് മണ്ണിത്തോട്ടവും മേഖലാ ഡയറക്ടർ റവ. ഫാ. വർഗ്ഗീസ് പന്തപ്പിള്ളിയും നേതൃത്വം നൽകി. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് തിരുമേനി വചനസന്ദേശം നൽകി.

രൂപതാ സുവിശേഷ സംഘം അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജോൺസൺ പള്ളിപടിഞ്ഞാറ്റേതിൽ വചനപ്രഘോഷണം നടത്തി. സുവി ശേഷസന്ധ്യയ്ക്ക് മേഖലയിലെ വൈദികരും സന്യസ്തരും സുവിശേഷ സംഘാംഗങ്ങളും ഇടവക കൂട്ടായ്മയും സംബന്ധിച്ചു.

**കോഴിക്കോട് മേഖല**

സുവിശേഷസംഘം കോഴിക്കോട് മേഖല പ്രാർത്ഥനാമീറ്റിംഗ് ഈങ്ങാപ്പുഴ സെന്റ് ജോർജ്ജ് മലങ്കര ദേവാലയത്തിൽ വെച്ച് നടന്നു. വി. കുർബാനയ്ക്കും വചനസന്ദേശത്തിനും പ്രാർത്ഥനാശുശ്രൂഷകൾക്കും റവ. ഫാ. ജോൺസൺ പള്ളിപടിഞ്ഞാറ്റേതിൽ നേതൃത്വം നൽകി. മേഖലയിലെ പള്ളികളിൽ നിന്നുമുള്ള സുവിശേഷ സംഘാംഗങ്ങൾ സംബന്ധിച്ചു.

**എടക്കര മേഖല**

സുവിശേഷസംഘം എടക്കര മേഖല പ്രാർത്ഥനാമീറ്റിംഗ് മുണ്ടേരി മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വച്ച് നടന്നു പ്രാർത്ഥനാ ശുശ്രൂഷ കൾക്ക് റവ. ഫാ. തോമസ് തുമ്പയിൽചിറയിൽ നേതൃത്വം നൽകി. രൂപതാ സുവിശേഷ സംഘം ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കീപ്പള്ളിൽ വച നസന്ദേശം നൽകി. എടക്കര മേഖലയിലെ പള്ളികളിൽ നിന്നുള്ള സുവി ശേഷ സംഘാംഗങ്ങൾ എല്ലാവരും സംബന്ധിച്ചു.

## വിശ്വാസപരിശീലനം

- പ്രൊമോട്ടേഴ്സ് അതാത് മേഖലകളിലെ ഇടവകകളിൽ സന്ദർശനം നടത്തി വിലയിരുത്തൽ റിപ്പോർട്ട് സ്രോതസ് രൂപതാ കേന്ദ്രത്തിൽ ജനുവരി 31-ന് മുമ്പ് എത്തിക്കേണ്ടതാണ്.
- 2018-19 ലെ കൈയ്യെഴുത്ത് മാസിക ഡിസംബർ 31-ന് മുമ്പ് കേന്ദ്ര ത്തിൽ എത്തിക്കേണ്ടതാണ്.
- 2017-18 വർഷത്തിലെ X, XI, XII ക്ലാസ്സുകളുടെ വാർഷിക യൂണിവേഴ്സിറ്റി പരീക്ഷാ സർട്ടിഫിക്കറ്റിൽ പേരുകളിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉണ്ടെങ്കിൽ ഡിസംബർ 31-ന് മുമ്പ് രൂപതാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.
- മുൻ വർഷങ്ങളിലെ X, XI, XII ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റുകൾ നഷ്ട പ്പെട്ടവർ 250 രൂപ ഫീസടച്ച് ഡിസംബർ 30 ന് മുമ്പായി സ്രോതസിൽ നിർദ്ദിഷ്ട ഫോം പൂരിപ്പിച്ച് നൽകേണ്ടതാണ്.
- എല്ലാ വൈദികർക്കും സമർപ്പിതർക്കും സണ്ടേ സ്കൂൾ പ്രധാന അധ്യാപകർക്കും മാതാപിതാക്കൾക്കും കുട്ടികൾക്കും സ്രോതസ്സിന്റെ ക്രിസ്തുമസ് പുതുവത്സരാശംസകൾ

## മാതൃവേദി

### മാതൃവേദിയുടെ സ്നേഹാദരം

ബത്തേരി രൂപത മാതൃവേദി നേതൃത്വത്തിൽ രൂപതയിൽ ഈ വർഷം വിവിധ മേഖലകളിൽ സ്തുത്യർഹമായ സേവനം കാഴ്ചവച്ച വ്യക്തികളെ ആദരിച്ചു. നല്ല അധ്യാപകർക്കുള്ള സംസ്ഥാന അവാർഡ് ലഭിച്ച ശ്രീ. സുനിൽ എസ്, ശ്രീ. എം. കെ. ഗീവർഗീസ്, ശ്രീമതി വത്സ ഗീവർഗീസ്, കെ. സി. ബി. സി. പ്രോലൈഫ് സംസ്ഥാനസമിതി സെക്രട്ടറിയായി ശ്രീമതി മോളി ജേക്കബ്, വൈസ് പ്രസിഡണ്ട് ശ്രീമതി നാൻസി ബിജു, പുത്തൻകുന്ന് എ. എൽ. പി. സ്കൂൾ പ്രധാന അധ്യാപികയായി നിയമിത യായ ശ്രീമതി മോനി മാത്യു, പൗരോഹിത്യ ജൂബിലി ആഘോഷിക്കുന്ന വെരി റവ. ഫാ. തോമസ് കോഴിമണ്ണിൽ എന്നിവരെയാണ് മാതൃവേദി സ്നേഹാദരം അറിയിച്ചത്. വെരി റവ. മോൺ. ഡോ. തോമസ് കാഞ്ഞിര മുകളിൽ അധ്യക്ഷനായ സമ്മേളനം വെരി റവ. മോൺ മാത്യു അറമ്പൻകുടി കോർഎപ്പിസ്കോപ്പ ഉദ്ഘാടനം ചെയ്തു.

# എക്ലേസിയ ക്വിസ്

രൂപതാ മാതൃവേദി എക്ലേസിയ ക്വിസ് മത്സരം 2018 നവംബർ 20 ന് പ്രതീക്ഷയിൽ വച്ച് നടന്നു. റവ. ഫാ. തോമസ് നീർനാൻകുന്നേൽ നേതൃത്വം നൽകി. പങ്കെടുത്തവർക്കും വിജയികൾക്കും രൂപതയുടെ ആശംസകൾ അറിയിക്കുന്നു. മത്സരത്തിന് ക്രമീകരണങ്ങൾ നടത്തിയ മേഖല ഡയറക്ടേഴ്സ് മേഖല കോഡിനേറ്റേർസ് രൂപത ഭാരവാഹികൾ മേഖലാ ഭാരവാഹികൾക്ക് നന്ദിയും സ്നേഹവും അറിയിക്കുന്നു.

## വിജയികൾ

1) റവ. ഫാ. തോമസ് കോഴിമണ്ണിൽ പൗരോഹിത്യ രജതജൂബിലി എവറോളിംഗ് ട്രോഫി - നീലഗിരി മേഖല

2) റവ. ഫാ. വർഗീസ് താന്നിക്കാക്കുഴി പൗരോഹിത്യ രജതജൂബിലി എവറോളിംഗ് ട്രോഫി - ബത്തേരി മേഖല.

3) സാമുവേൽ കുരിശുംമൂട്ടിൽ സ്മരണാർത്ഥം എവറോളിംഗ് ട്രോഫി - കോഴിക്കോട് മേഖല

● മാതൃവേദി മേഖല കോർഡിനേറ്റേഴ്സ് മീറ്റിംഗ് പ്രതീക്ഷയിൽ വച്ച് നവംബർ 19 ന് നടന്നു 7 വൈദിക ജില്ലയിലെ കോർഡിനേറ്റേഴ്സ് സിസ്റ്റേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു.

● മാതൃവേദി മേഖല കോർഡിനേറ്റേഴ്സ് മീറ്റിംഗ് പ്രതീക്ഷയിൽ വെച്ച് നവംബർ 19-ന് നടന്നു. 7 വൈദിക ജില്ലയിലെ കോർഡിനേറ്റേഴ്സ് സിസ്റ്റേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു.

● വിവാഹ ഒരുക്ക കോഴ്സ് ഡിസംബർ 19-21: വിവാഹ ഒരുക്ക കോഴ്സ് 2018 ഡിസംബർ 19 ന് ഉച്ചയ്ക്ക് ആരംഭിച്ച് 21 ന് ഉച്ചക്ക് തീരുന്ന രീതിയിൽ ശ്രേയസിൽ വച്ച് ക്രമീകരിച്ചിരിക്കുന്നു.

● മാതൃവേദി വാർഷിക സെനറ്റ് : രൂപത വാർഷിക സെനറ്റും, അടുത്ത വർഷത്തെ കർമപരിപാടികളുടെ ക്രമീകരണവും ബത്തേരിയിൽ വച്ച് ഡിസംബർ 21 ന് രാവിലെ 9. 30 ന് നടക്കുന്നതാണ്.

# വിശുദ്ധനാട് യാത്ര

ബത്തേരി രൂപത കുടുംബ പ്രേഷിത വിഭാഗത്തിന്റെ നേതൃത്വത്തിൽ വിശുദ്ധനാട് സന്ദർശിക്കുന്നു. ജോർദാൻ, ഇസ്രായേൽ, പാലസ്തീൻ, ഈജിപ്ത് എന്നീ വിശുദ്ധ സ്ഥലങ്ങൾ മെയ് മാസത്തിൽ സന്ദർശിക്കുവാൻ ആഗ്രഹിക്കുന്നു. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് തിരുമേനിയും തീർത്ഥാടന യാത്രയിൽ പങ്കെടുക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക്
റവ. ഫാ. ജെയിംസ് മലേപ്പറമ്പിൽ : **9446 4925 43**

# ശ്രേയസ്

## സംഗമം

ശ്രേയസിന്റെ ആഭിമുഖ്യത്തിൽ SAFP ക്ലാസ്സുകളുടെ വാർഷിക യൂണിവേഴ്സിറ്റി പരീക്ഷാ സർട്ടിഫിക്കറ്റ് കുടുംബവികസന ഭവന പദ്ധതി യുടെ ഭാഗമായി നടത്തപ്പെട്ട സംഗമം ബത്തേരി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് തിരുമേനി ഉദ്ഘാടന കർമ്മം നിർവഹിച്ചു. ശ്രേയസ് എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ഇടയത്ത്, ശ്രേയസ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. തോമസ് പുനമഠത്തിൽ എന്നിവർ ആശംസകൾ അർപ്പിച്ചു. SAFP കുടുംബവികസന ഭവന പദ്ധതി കോർഡിനേറ്റർ മുഖ്യ പ്രഭാഷണം നടത്തി. പ്രോഗ്രാം ഓഫീസർ ശ്രീ. ശശികുമാർ പി. ബി. സംരം ഭകത്വ വികസനം എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു.

## ഇന്റർ ഏജൻസി മീറ്റിംഗ്

ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി രൂപീകൃതമായ ഇന്റർ ഏജൻസി ഗ്രൂപ്പങ്ങങ്ങളുടെ മീറ്റിംഗ് ശ്രേയസിൽ വച്ച് നടത്തപ്പെട്ടു. ശ്രേയസിനെ പ്രതിനിധീകരിച്ച് എക്സിക്യൂട്ടീവ് ഡയറക്ടർ അഡ്വ. ഫാ. സെബാസ്റ്റ്യൻ ഇടയത്ത്, ശ്രേയസ് പ്രോഗ്രാം ഓഫീസർ ശ്രീ. ശശികുമാർ, പ്രോഗ്രാം കോഡിനേറ്റർ ശ്രീ. ഷാജി കെ. പി, എന്നിവർ പങ്കെടുത്തു. സ്പിയർ ഇന്ത്യ കോർഡിനേറ്റർ ശ്രീ. അമലിൻ പഡ്നായ്ക്ക് കാര്യപരിപാടികൾ വിശദീകരിച്ചു.

## Observation Visit

റോഷ്നി നിലയം കോളേജിലെ 35 വിദ്യാർത്ഥികൾ 5 ദിവസത്തെ പഠനക്യാമ്പിനായി ശ്രേയസ് സന്ദർശിച്ചു. ദുരന്തനിവാരണ പ്രവർത്തന ങ്ങളുടെ ഭാഗമായി ശ്രേയസ് നടത്തിവന്ന പ്രവർത്തനങ്ങൾ കാണാനും വിലയിരുത്താനും സഹായിച്ചു.

## രണ്ടാംഘട്ട ദുരിതാശ്വാസ പദ്ധതി – കാരിത്താസ് ഇന്ത്യ ശ്രേയസിൽ ആരംഭിച്ചു

കത്തോലിക്ക സഭയുടെ സാമൂഹ്യപ്രസ്ഥാനമായ കാരിത്താസ് ഇന്ത്യ വയനാട്ടിലെ ദുരിതാശ്വാസ പുന:രുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ബത്തേരി രൂപതയുടെ സാമൂഹ്യപ്രസ്ഥാനമായ ശ്രേയസുമായി ചേർന്നാണ് പദ്ധതി നടപ്പിലാക്കുന്നത്. വയനാട്ടിലെ ബത്തേരി, പുൽപ്പള്ളി, പനമരം പഞ്ചായത്തുകളിലും, കോഴിക്കോട് ജില്ലയിലെ

കോടഞ്ചേരി പഞ്ചായത്തുകളിലുമായാണ് പദ്ധതി നടപ്പിലാക്കുന്നത്. വന നിർമ്മാണം, വരുമാനവർധക പദ്ധതികൾ, കിണർ നവീകരണം, കൃഷി പുന:രുദ്ധാരണം എന്നിവയ്ക്കായി 65 ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഇതിന്റെ ഉദ്ഘാടനം കാരിത്താസ് ഇന്ത്യ ഡയറക്ടർ റവ. ഫാ. പോൾ മൂഞ്ഞേലി ശ്രേയസിൽ വച്ച് നിർവഹിച്ചു.അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് തിരുമേനി, *KSSF* ഡയറക്ടർ റവ. ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ, ശ്രേയസ് ഡയറക്ടേഴ്സ് എന്നിവർ പങ്കെടുത്തു.

### ഭിന്നശേഷി ഉള്ള കുട്ടികളുടെ സംഗമം

ശ്രേയസിന്റെ ആഭിമുഖ്യത്തിൽ SPARSH പദ്ധതിയുടെ ഭാഗമായി നടത്തപ്പെട്ട ഭിന്നശേഷി ഉള്ള കുട്ടികളുടെ സംഗമം പൂവാടി അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് തിരുമേനി ഉദ്ഘാടന കർമ്മം നിർവഹിച്ചു. ശ്രേയസ് എക്സിക്യൂട്ടീവ് ഡയറക്ടർ അഡ്വ. ഫാ. സെബാസ്റ്റ്യൻ ഇടയത്ത് ആശംസകൾ അർപ്പിച്ചു. SPARSH കോർഡിനേറ്റർ ശ്രീ. ഷാജി കെ. പി, പ്രോഗ്രാം ഓഫീസർ ശ്രീ. ശശികുമാർ പി. ബി. എന്നിവർ സംസാരിച്ചു.

## ഉന്നതവിദ്യാഭ്യാസവേദി

## ഗുരുദേവ് ആർട്സ് & സയൻസ് കോളേജ്, മാത്തിൽ

### ദശദിനക്യാമ്പ്

ഗുരുദേവ് ആർട്സ് & സയൻസ് കോളേജ് എൻ. എസ്. എസ്. യൂണിറ്റിന്റെയും ശ്രേയസ് ഏറ്റുകുടുക്ക യൂണിറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന എൻ. എസ്. എസ്. ദശദിന ക്യാമ്പിന്റെ സംഘാടക സമിതി യോഗം ഏറ്റുകുടുക്ക ശ്രേയസ് ഹാളിൽ വച്ച് നടന്നു.

## ഐടെക്, ബത്തേരി

### ലോകഭിന്നശേഷി ദിനാചരണം

ലോകഭിന്നശേഷി ദിനാചരണത്തോടനുബന്ധിച്ച് ഐടെക്ക് ഐ. ടി. ഐ. യിൽ കമ്പ്യൂട്ടർ പഠിക്കുന്ന നിർമ്മൽ ജ്യോതിയിലെ ഭിന്നശേഷി വിദ്യാർത്ഥികളെ ആദരിച്ചു. ചടങ്ങിൽ മുഖ്യാതിഥി ആയിരുന്ന അബോർഡ് ജില്ലാ പ്രസിഡന്റും, ഭിന്നശേഷി വിഭാഗക്കാരുടെ ജില്ലാ പ്രസിഡന്റുമായ

ശ്രീ. മാമ്മൻ ഈപ്പൻ തന്റെ മുഖ്യപ്രഭാഷത്തിൽ ഭിന്നശേഷി വിദ്യാർത്ഥികളെ സാങ്കേതിക വിദ്യാഭ്യാസം പഠിപ്പിക്കുന്ന ആദ്യവിദ്യാഭ്യാസ സ്ഥാപനമാണ് ഐടെക്ക് എന്ന് പരാമർശിക്കുകയുണ്ടായി. ഡയറ്റ് മുൻ പ്രിൻസിപ്പൾ ഡോ. ലക്ഷ്മണൻ വിദ്യാർത്ഥികൾക്ക് സ്നേഹോപഹാരങ്ങൾ നൽകി നിർമ്മൽ ജ്യോതി പ്രിൻസിപ്പാൾ റവ. സി. ജെസ്സി, സുപ്പീരിയർ റവ. സി. റ്റീന എന്നിവർ ആശംസകൾ അറിയിച്ചു. ചടങ്ങിന് ഐടെക്ക് ഡയറക്ടർ റവ. ഫാ. എബ്രഹാം ആശാരിപ്പറമ്പിൽ നന്ദി അറിയിച്ചു. ഐടെക്ക് ഐ. ടി. ഐ. പ്രിൻസിപ്പൾ ശ്രീമതി ജൂലി ഉതുപ്പ്, മാർ അത്തനാസിയോസ് ഐ. ടി. ഐ. പ്രിൻസിപ്പൾ ശ്രീ. ബിനു ആന്റണി, സ്റ്റാഫ് അംഗങ്ങൾ, സ്റ്റുഡൻസ് കൗൺസിൽ എന്നിവർ നേതൃത്വം നൽകി.

### നവംബർ 1 കേരള പിറവിദിനം

കേരളപിറവി ആഘോഷങ്ങളുടെ ഭാഗമായി സുൽത്താൻ ബത്തേരി ഐടെക്ക് പ്രൈവറ്റ് ITI യിൽ വിദ്യാർത്ഥികൾക്കായി **കേരളം ഇന്ന് ഇന്നലെ** എന്ന വിഷയത്തിൽ ഓട്ടോമൊബൈൽ ഇൻസ്ട്രക്ടർ ശ്രീ. റോബിൻസിന്റെ നേതൃത്വത്തിൽ ക്വിസ് മത്സരവും, കൊളാഷ് മത്സരവും , മലയാള വായനാമത്സരവും സംഘടിപ്പിച്ചു. ആവേശോജ്ജ്വലമായ മത്സരങ്ങളിൽ ഡി-സിവിൽ രണ്ടാം വർഷ വിദ്യാർത്ഥികൾ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

### അവാർഡ് ലഭിച്ചു

പ്രളയാനന്തര കേരളത്തിന്റെ പുനർ നിർമ്മാണ പ്രവർത്തനങ്ങളിൽ നൈപുണ്യ കർമ്മസേനയുടെ ഭാഗമായ് പ്രവർത്തിച്ചതിന് ഹരിത കേരള മിഷനും വ്യാവസായിക പരിശീലനവകുപ്പും ചേർന്നൊരുക്കിയ അവാർഡും പ്രശസ്തിപത്രവും കൽപറ്റ ഗവൺമെന്റ് ITA യിൽ ചേർന്ന യോഗത്തിൽ വച്ച് സുൽത്താൻ ബത്തേരി ഐടെക്ക് പ്രൈവറ്റ് ITI യ്ക്ക് വേണ്ടി പ്രിൻസിപ്പാൾ ശ്രീ. ബിനു ആന്റണി ഏറ്റുവാങ്ങി.

## പഴശ്ശിരാജാ കോളേജ് പുൽപ്പള്ളി

### വികസന മാതൃകകൾ അടിച്ചേൽപ്പിക്കരുത്

ആദിവാസി വിദ്യാഭ്യാസവും കുടിയേറ്റവും എന്ന വിഷയത്തിൽ പഴശ്ശിരാജാ കോളേജ് ചരിത്രവിഭാഗം സംഘടിപ്പിച്ച സെമിനാർ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് തിരുമേനി ഉദ്ഘാടനം ചെയ്തു. ആദിവാസി സമൂഹത്തിന്റെ സാംസ്കാരികതനിമകളെ അവഗണിച്ച് മുഖ്യധാര സമൂഹത്തിന്റെ വികസന മാതൃകകൾ അടിച്ചേൽപ്പിക്കരുതെന്ന് പിതാവ് അഭിപ്രായപ്പെട്ടു.പോണ്ടിച്ചേരി യൂണിവേഴ്സിറ്റി ആന്ത്രോപ്പോളജിഡിനും ഇന്ത്യൻ

സാമൂഹിക ശാസ്ത്ര കൗൺസിൽ അംഗവുമായ ഡോ. ടി. സുബ്രഹ്മണ്യ നായിഡു മുഖ്യപ്രഭാഷണം നടത്തി. കാലിക്കറ്റ് യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലറും ചരിത്രകാരനുമായ ഡോ. കെ. കെ. എൻ. കുറുപ്പ് മുഖ്യാതിഥിയായി.

### സ്മൃതികളുണർത്തി പൂർവ്വ വിദ്യാർത്ഥി സംഗമം

പഴശ്ശിരാജ കോളേജ് ചരിത്രവിഭാഗത്തിന്റെ രജത ജൂബിലി ആഘോഷത്തിന്റെ ഭാഗമായി 1993 ചരിത്ര വിഭാഗം ആരംഭിച്ചപ്പോൾ മുതലുള്ളവരുടെ സംഗമം സംഘടിപ്പിച്ചു. വിവിധ വർഷങ്ങളിലായി പഠിച്ച 150 ഓളം വിദ്യാർത്ഥികളും അധ്യാപകരും പങ്കെടുത്തു. കോളേജ് ചരിത്രവിഭാഗം മേധാവി ഡോ. ജോഷി മാത്യുവാണ് സംഗമത്തിന് നേതൃത്വം നൽകിയത്. വെരി. റവ. ഫാ. തോമസ് കോഴിമണ്ണിൽ സംഗമം ഉദ്ഘാടനം ചെയ്തു.

### ആർച്ചറി ചാമ്പ്യൻഷിപ്പ് സമാപിച്ചു

പുൽപ്പള്ളി പഴശ്ശിരാജ കോളേജിൽ നടന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റി ആർച്ചറി ചാമ്പ്യൻഷിപ്പിന് സമാപനമായി. കേരളാ സ്പോർട്സ് കൗൺസിൽ മെമ്പർ അഡ്വ. കെ. റഫീഖ് ചാമ്പ്യൻഷിപ്പ് ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. എ. ഒ. റോയ് അധ്യക്ഷത വഹിച്ചു. പുരുഷ വിഭാഗത്തിൽ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജും, വനിതാ വിഭാഗത്തിൽ മാള കാർമ്മൽ കോളേജും ചാമ്പ്യന്മാരായി. സമാപനസമ്മേളനം ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ശ്രീ. എം. മധു ഉദ്ഘാടനം ചെയ്തു.

## ഫാത്തിമ ആർട്സ് & സയൻസ് കോളേജ്, മൂത്തേടം

### കമ്പ്യൂട്ടർ സയൻസ് – ഡിപ്പാർട്ട്മെന്റ് ഇനാഗുറേഷൻ

കമ്പ്യൂട്ടർ ഡിപ്പാർട്ട്മെന്റ് ഉദ്ഘാടനത്തോടനുബന്ധിച്ച് വിവിധ കോളേജുകളിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് സെമിനാർ സംഘടിപ്പിച്ചു. പ്രിൻസിപ്പാൾ ഡോ. രവീന്ദ്രൻ പിള്ളയുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ പ്രഫ. റ്റിജി തോമസ് ഉദ്ഘാടനം ചെയ്തു. കോളേജ് ബർസാർ ഫാ. വർഗീസ് കൊല്ലമാവുടി മുഖ്യസന്ദേശം നൽകി. ജിനു മത്തായി, നിഷിദ, റ്റോം മാത്യു, അൻസിൽ ഷാജി എന്നിവർ പ്രസംഗിച്ചു. തിരുവല്ല മാക് ഫാസ്റ്റിൽ നിന്നുള്ള പ്രഫസർ തോമസ് മാത്യു സെമിനാറിന് നേതൃത്വം നൽകി.

# സെൻ്റ് ജോസഫ്സ് സ്കൂൾ, ബത്തേരി

## സർഗ്ഗോത്സവ് 2018

പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനമായ ശിശുദിനം സെൻ്റ് ജോസഫ്സ് സ്കൂൾ സർഗ്ഗോത്സവമായി ആഘോഷിച്ചു. കുട്ടികളുടെ ജന്മ വാസനകളെ പരിപോഷിപ്പിക്കുന്നതിന് പഠനത്തോടൊപ്പം നൽകുന്ന പരി ശീലനമാണ് കോ-കരിക്കുലർ പരിശീലനങ്ങൾ. സ്കൂളിലെ പൂർവ്വവി ദ്യാർത്ഥി ഡോ. എൽദോ ജോർജ് സർഗ്ഗോത്സവം ഉദ്ഘാടനം ചെയ്തു. സ്കൂൾ പ്രിൻസിപ്പൽ റവ. ഫാ. ചെറിയാൻ മുടമ്പള്ളിക്കുഴി സ്വാഗതം ആശം സിച്ചുകൊണ്ട് ആമുഖ പ്രഭാഷണം നടത്തി. പി. റ്റി. എ. പ്രസിഡന്റ് ശ്രീ. എൻ. കെ. ഷാജി സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു. കോ-കരിക്കു ലർ പരിശീലനം നൽകുന്ന അദ്ധ്യാപകരെ സ്കൂൾ വൈസ് പ്രിൻസിപ്പൽ ശ്രീ. വി. പി. തോമസ് മെമന്റോകൾ നൽകി ആദരിച്ചു. കുട്ടികളുടെ വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു. കൂടാതെ യോഗ, കരാത്തെ, തൈക്കോ ണ്ടു, അബാക്കസ്, സംഗീതം, ഡാൻസ്, വാദ്യോപകരണ ഉപയോഗം എന്നി വകളുടെ രംഗാവിഷ്കാരവും ഡ്രോയിംഗ്, പെയിന്റിംഗ്, എംബ്രോയിഡറി എന്നിവകളുടെ പ്രദർശനവും ഉണ്ടായിരുന്നു. കുട്ടികളുടെ രക്ഷിതാക്കളും ആഘോഷ പരിപാടികളിൽ സന്നിഹിതരായിരുന്നു.

## ശിശുദിനാഘോഷം

സെൻ്റ് ജോസഫ്സ് സ്കൂൾ നഴ്സറി വിഭാഗം കുട്ടികൾ ശിശുദിനാ ഘോഷത്തിന്റെ ഭാഗമായി ശിശുദിനറാലി നടത്തി. സ്കൂൾ പ്രിൻസിപ്പൽ റവ. ഫാ. ചെറിയാൻ മുടമ്പള്ളിക്കുഴി, ഹെഡ്മിസ്ട്രസ് റവ. സി. ജെയ്സി തോമസ്, റവ. ഫാ. വർഗ്ഗീസ് പന്തപ്പിള്ളിൽ, പി.റ്റി.എ. പ്രസിഡന്റ് ശ്രീ. ജെറോം എഡിസൻ, പി. റ്റി.എ. അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി. റാലിക്കുശേഷം നടന്ന അനുമോദനയോഗത്തിൽ കായികമേളയ്ക്കും കലാ മേളയ്ക്കും വിജയികളായവർക്ക് സമ്മാനങ്ങൾ നൽകി.

## ഏകദിന സെമിനാർ

സെൻ്റ് ജോസഫ്സ് ഹയർ സെക്കന്ററി വിഭാഗം കുട്ടികൾക്കും രക്ഷി താക്കൾക്കും എംപവർമെന്റിന്റെ പരിശീലനവും പരീക്ഷ ഒരുക്ക സെമിനാറും നടത്തി. സെമിനാറിന് തൃശ്ശൂർ കിലയുടെ പരിശീലകൻ ശ്രീ. ലിയോ ജോണി നേതൃത്വം നൽകി. പരിശീലന പരിപാടികൾക്ക് സ്കൂൾ പ്രിൻസിപ്പൽ റവ. ഫാ. ചെറിയാൻ മുടമ്പള്ളിക്കുഴി അദ്ധ്യക്ഷത വഹിച്ചു. റവ. ഫാ. വർഗ്ഗീസ് പന്തപ്പിള്ളി ആശംസകൾ നേർന്ന് സംസാരിച്ചു. ഹയർസെക്കണ്ടറി ഇൻചാർജ്ജ് ശ്രീ. സതീഷ് സ്വാഗതവും ശ്രീ. ചിത്രേഷ്

നന്ദിയും പറഞ്ഞു. സ്കൂളിലെ പ്ലസ്ടു വിഭാഗം കുട്ടികളുടെ മുഴുവൻ രക്ഷിതാക്കളും പരിശീലന സെമിനാറിൽ സംബന്ധിച്ചിരുന്നു.

## സെന്റ് മേരീസ് എ. യു. പി. സ്കൂൾ, മാമാങ്കര

### സ്റ്റാഫ് കൗൺസിൽ യോഗം

2018 നവംബർ 27-ാം തീയതി മാമാങ്കര സെന്റ് മേരീസ് യു. പി. സ്കൂളിൽ സ്റ്റാഫ് കൗൺസിൽ യോഗം ചേർന്നു. കോർപ്പറേറ്റ് സ്കൂളുകളുടെ രക്ഷാധികാരിയും മാനേജറുമായ അഭിവന്ദ്യ ജോസഫ് മാർ തോമസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിലാണ് യോഗം ചേർന്നത്. രൂപതയുടെ വിദ്യാഭ്യാസ ദർശനം പിതാവ് വിവരിച്ചു. ഗുണമേന്മയുള്ള, മൂല്യമുള്ള വിദ്യാഭ്യാസം നൽകാൻ അധ്യാപകർ കാര്യക്ഷമമായി പ്രവർത്തിക്കാൻ പിതാവ് ആഹ്വാനം ചെയ്തു. അധ്യാപകർ ആരായിരിക്കണം, ഏറ്റെടുത്തിരിക്കുന്ന ചുമതല എങ്ങനെ നിർവ്വഹിക്കണം എന്ന് പിതാവ് ഉദ്ബോധിപ്പിച്ചു. നന്മ നിറഞ്ഞ ലോകം സൃഷ്ടിക്കാൻ അധ്യാപകരിൽ നന്മ ഉണ്ടാവണം എന്ന് പിതാവ് അഭിപ്രായപ്പെട്ടു. സ്കൂളിന്റെ പ്രവർത്തനങ്ങൾ പിതാവ് നിരീക്ഷിക്കുകയും വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി ചീഫ് കറസ്പോണ്ടന്റ് റവ. ഫാ. തോമസ് കോഴിമണ്ണിൽ റവ. ഫാ. റോയി മാത്യു വലിയപറമ്പിൽ എന്നീ വൈദീക ശ്രേഷ്ഠരും സന്നിഹിതരായിരുന്നു. യോഗത്തിൽ മുഴുവൻ അധ്യാപകരും സംബന്ധിക്കുകയും സജീവമായി ചർച്ചയിൽ പങ്കെടുക്കുകയും ചെയ്തു. ഹെഡ്മാസ്റ്റർ ശ്രീ. തോമസ് എൻ. എം. സ്വാഗതവും സ്റ്റാഫ് സെക്രട്ടറി ശ്രീ. ബെന്നി പി.വി.നന്ദിയും പറഞ്ഞു.

## ലിറ്റിൽ ഫ്ളവർ എൽ. പി. സ്കൂൾ, കരുനെച്ചി

### സയൻസ് പാർക്ക് ഉദ്ഘാടനം

കരുനെച്ചി ലിറ്റിൽ ഫ്ളവർ എൽ. പി. സ്കൂളിൽ സയൻസ് പാർക്ക് ഉദ്ഘാടനം ചെയ്തു. കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനും സയൻസ് മേഖലയിൽ അഭിരുചി വളർത്തുന്നതിനും ഉതകുന്നതാണ് പാർക്ക്. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ആലീസ് അമ്പാട്ട് അധ്യക്ഷയായി. ഉദ്ഘാടനത്തോടൊപ്പം ശാസ്ത്ര ഉപകരണങ്ങളുടെ പ്രദർശനവും നടന്നു.

# സെന്റ് ജോർജ്ജ് യു. പി. സ്കൂൾ, പുൽപ്പള്ളി

## ക്ലാസ്സിലൊരു പത്രം

പുൽപ്പള്ളി സെന്റ് ജോർജ്ജ് യു. പി.സ്കൂളിലെ എല്ലാ ക്ലാസ്സുകളിലും മലയാള മനോരമ പത്രം സ്പോൺസർ ഷിപ്പിലൂടെ നൽകുന്ന പദ്ധതി ആരംഭിച്ചു. സ്കൂൾ അസംബ്ലിയിൽ വച്ച് റവ. ഫാ. വർഗീസ് പുളിക്കൽ സ്കൂൾ ലീഡർ കുമാരി ആൻമരിയ ടോമിന് പത്രം നൽകി ഉദ്ഘാടനം ചെയ്തു. സ്കൂളിന്റെ അഭ്യുദയകാംക്ഷികളായ ശ്രീ. നവീൻ, ശ്രീ. തോമസ്, ശ്രീ. സണ്ണി ചാലപ്പുറം എന്നിവരാണ് സാമ്പത്തിക സഹായം നൽകിയത്.

## സ്കൂൾ കലോത്സവം

2018-19 അദ്ധ്യയന വർഷത്തെ സ്കൂൾ കലോൽസവം സ്കൂൾ അങ്കണത്തിൽ വച്ച് നടത്തപ്പെട്ടു. സ്കൂൾ പ്രധാനാദ്ധ്യാപിക റവ. സി. കുസുമം ഉദ്ഘാടനം നിർവ്വഹിച്ച സമ്മേളനത്തിന് സ്റ്റാഫ് സെക്രട്ടറി ശ്രീ. ജയിംസ് വർഗീസ് സ്വാഗതവും സീനിയർ അസിസ്റ്റന്റ് ശ്രീമതി മറിയം വൽസല നന്ദിയും പറഞ്ഞു. കുട്ടികളെ നാല് ഹൗസുകളായി തിരിച്ച് രണ്ട് ദിവസങ്ങളിലായി വിവിധ കലാമത്സരങ്ങൾ അരങ്ങേറി. സമാപന സമ്മേളനത്തിൽ വച്ച് വിജയികൾക്ക് ട്രോഫികൾ വിതരണം ചെയ്തു.

## സ്കൂൾ കായിക മേള

ഈ വർഷത്തെ സ്കൂൾ കായികമേള നവംബർ 16, 17 തീയതികളിൽ നടന്നു. പുൽപ്പള്ളി സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് ഉദ്ഘാടനം ചെയ്തു. ലോക്കൽ മാനേജർ റവ. ഫാ. വർഗീസ് പുളിക്കൽ പതാക ഉയർത്തി. പ്രധാനാദ്ധ്യാപിക റവ. സി. കുസുമം എസ്.ഐ.സി. സ്വാഗതവും സ്റ്റാഫ് സെക്രട്ടറി ശ്രീ. ജയിംസ് വർഗീസ് നന്ദിയും പറഞ്ഞു. വിജയികൾക്ക് സമാപന സമ്മേളനത്തിൽ വച്ച് ട്രോഫി വിതരണം ചെയ്തു.

## വിജയം കരസ്ഥമാക്കി

ഈ വർഷം കണിയാംപറ്റയിൽ വച്ച് നടന്ന ജില്ലാതല ഉറുദു ടാലന്റ് ടെസ്റ്റ് മത്സരത്തിൽ ഈ സ്കൂളിലെ കുമാരി മർജാന ഫാത്തിമ പദനിർമ്മാണത്തിൽ ഒന്നാം സ്ഥാനത്തിന് അർഹയായി. കോഴിക്കോട്ട് വച്ച് നടന്ന സംസ്ഥാന തല മത്സരത്തിൽ പങ്കെടുത്തു. ശിശുദിനത്തോടനുബന്ധിച്ച് വൈ.എം.സി.എ. ബത്തേരി സംഘടിപ്പിച്ച പ്രസംഗ മത്സരത്തിൽ ഈ സ്കൂളിലെ കുമാരി ആൻ മരിയ ടോം മൂന്നാം സ്ഥാനം നേടി. വിദ്യാരംഗം ജില്ലാതല ചിത്രരചന മത്സരത്തിൽ ഈ സ്കൂളിലെ മാസ്റ്റർ അനന്തു സുരേഷ് ഒന്നാം സ്ഥാനത്തിനു ആസ്വാദനകുറിപ്പ് തയ്യാറാക്കിയ

കുമാരി നേഹ മരിയ മൂന്നാം സ്ഥാനത്തിനും അർഹയായി. വിജയികളായ വർക്ക് അഭിനന്ദനങ്ങൾ

### വീരപഴശ്ശി സ്മൃതി ദിനാചരണം

പുൽപ്പള്ളി സെന്റ് ജോർജ്ജ് യു. പി. സ്കൂൾ സാമുവൽ ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ കേരളസിംഹം വീരപഴശ്ശിരാജയുടെ 213-ാം ചരമദിനാചരണം നടത്തി. പഴശ്ശിരാജ കൊല്ലപ്പെട്ട പുൽപ്പള്ളിയിലെ മാവിലാംതോട്ടിലെ സ്മാരകം അദ്ധ്യാപകരും വിദ്യാർത്ഥികളും സന്ദർശിച്ച് പുഷ്പാർച്ചന നടത്തി. പഴശ്ശിരാജ സ്മാരക സമിതി പ്രസിഡന്റ് ശ്രീ.ഷിബു വണ്ടിക്കടവ് അനുസ്മരണപ്രഭാണം നടത്തി. ക്ലബ് കൺവീനർ ശ്രീ. പോൾ വർഗീസ് സ്വാഗതവും കുമാരി കാവ്യ മനോജ് കൃതജ്ഞതയും പറഞ്ഞു.

---

## ആശംസകൾ നേരാം

### *Birthday - December*

| | |
|---|---|
| Rev. Fr. Kadakketh Varghese | 18 |
| Very. Rev. Dr. Msgr. Kanjiramukalil Thomas | 20 |
| Rev. Fr. Varghese Chenganamadathil | 21 |
| Rev.Fr. Mudampallikuzhy Abraham | 23 |

### *Birthday - January*

| | |
|---|---|
| Rev. Fr. Pulipra Philip | 14 |
| Rev. Fr. Mudampallikuzhy Cherian | 15 |

## Feastday -December

| | |
|---|---|
| Rev. Fr. Karikombil Eldho | December 25 |
| Rev. Fr. Kanjiramalayil Eldho | December 25 |
| Rev. Fr. Thalikunnel John | December 26 |
| Rev. Fr. Kayathinkal John | December 27 |
| Rev. Fr. John S Neduvilayil | December 27 |

## Feastday -January

| | |
|---|---|
| Rev. Fr. Edayath Sebastian | January 20 |
| Rev. Fr. Keepallil Sebastian | January 20 |

## Ordination days

### December

| | |
|---|---|
| Rt. Rev. Fr. Thannikkakuzhi Thomas Corepiscopo | 10 |
| Rt. Rev. Fr. Narimattatthil Chacko Corepiscopo | 22 |
| Very Rev. Msgr. Varghese Mattamana | 26 |
| Rev. Fr. Menekkattil Thomas | 26 |
| Rev. Fr. Pallipadinjattethil Johnson | 26 |
| Rev. Fr. David Allingal | 26 |
| Rev. Fr. Abraham Ashariparambil | 26 |
| Rev. Fr. Varghese Kaniyamparambil | 26 |
| Rev. Fr. Eldho Kanjiramalayil | 26 |
| Rev. Fr. Geevarghese Madathil | 26 |
| Rev. Fr. Varghese Panthappillil | 26 |
| Rev. Fr. Job Puthuparambil | 26 |

| | |
|---|---|
| Very Rev. Fr. Mannithottam Thomas | 27 |
| Rev. Fr. Manpurackamannil Scaria | 27 |
| Rev. Fr. Pulickal Varghese | 27 |
| Rev. Fr. Punamadathil Thomas | 27 |
| Rev. Fr. Vellavoor Varghese | 27 |
| Rev. Fr. Paul Kodanoor | 27 |
| Rev. Fr. Sajan Vattakattil | 27 |
| Rev. Fr. Kuriakose Cherupuzhathottathil | 27 |
| Rev. Fr. Panachiparambil John | 28 |
| Rev. Fr. Thumpailchirayil Thomas | 28 |
| Rev. Fr. Madukammoottil Thomas | 28 |
| Rt. Rev. Msgr. Mathew Arambankudy Corepiscopo | 28 |
| Very Rev. Fr.Munduvelil Jose | 29 |
| Very Rev. Fr. Vilanguparayil Martin | 30 |
| Rev. Fr. Maruthoorkandathil Philip | 30 |
| Rev. Fr. Mudampallikuzhy Abraham | 30 |
| ***January*** | |
| Very Rev. Fr. Puthuppady Samuel | 01 |
| Very Rev. Fr. Karikombil Eldho | 02 |
| Rev. Fr. Pallipadinjattethil Lukose | 02 |
| Rev. Fr. Thalikunnel John | 02 |
| Rev. Fr. Plachira Varghese | 02 |
| Rev. Fr. Manalel Abraham | 04 |
| Rev. Fr. Chaprath Thomas | 05 |
| Rt. Rev. Fr. Chundakatt Jacob Corepiscopo | 07 |
| Very Rev. Fr. Mulakkavilayil James | 07 |
| Rev. Fr. Thundiyil Thomas | 10 |
| Rev. Fr. Kalayil George | 10 |
| Rev. Fr. Pulipra Philip | 10 |
| Rev. Fr. Thoppil Peter | 10 |
| Rev. Fr. Kollenkudiyil Issac | 15 |
| Rev. Fr. Peruvingal George | 15 |

## സംഭാവന

### തപോവനം

| | | | |
|---|---|---|---|
| 1 | Sri. Vineesh, Balussery | - | ₹ 3000 |
| 2 | Vismaya Hospital | - | 10000 |
| 3 | Sri. Vipin & Vipitha, Ambalavayal | - | 3000 |
| 4 | Sri. Sasi, Kardippara | - | 5000 |
| 5 | Wayanad Round Table | - | 3000 |
| 6 | Sri. Akshaj Dutt, Ambalavayal | - | 5000 |
| 7 | Riya, Kayyalath, Bathery | - | 750 |
| 8 | Sri. Ranji , Palankara | - | 3000 |
| 9 | Sri. Bhaskaran, Kabanigiri | - | 10000 |
| 10 | Jobin & Jibin, Oalikkal, Cheeral | - | 6000 |

### ബിഷപ്പ് ചാരിറ്റി ഫണ്ട് - സംഭാവന നൽകിയവർ

| | | | |
|---|---|---|---|
| 1 | St. George T TI | - | ₹ 10000 |
| 2 | Santhi Public School | - | 3000 |
| 3 | Moolankave Parish | - | 5000 |
| 4 | Smt. Sherly Muthukadu | - | 20000 |
| 5 | F. M. M. Sister | - | 2000 |
| 6 | Cheengeri Parish | - | 5000 |
| 7 | Meenangadi | - | 3000 |
| 8 | Nellimalam | - | 2000 |
| 9 | Pulpally | - | 3000 |
| 10 | Mandad | - | 5000 |
| 11 | MSF Sisters | - | 1,00,000 |
| 12 | Kolithattu Parish | - | 5000 |

### ബിഷപ്പ് ചാരിറ്റി ഫണ്ട് - സഹായം സ്വീകരിച്ചവർ

| | | | |
|---|---|---|---|
| 1 | Marriage Help | - | ₹ 10000 |
| 2 | Munderi (Education) | - | 10000 |
| 3 | Poor help | - | 3000 |
| 4 | Sri. Raju (Housing) | - | 5000 |
| 5 | Medical Assistance | - | 5000 |
| 6 | House Maintanance | - | 10000 |
| 7 | Poor Marriage help (Cherupuzha) | - | 10000 |
| 8 | Cancer Patient | - | 5000 |
| 9 | Sri. Shaji (Education help) | - | 5000 |
| 10 | Sri. Dominic (Disaster help) | - | 10000 |
| 11 | Widow Help | - | 5000 |
| 12 | Medical help | - | 3000 |

# സ്മരണീയദിനങ്ങൾ

## ഡിസംബർ 2018

| | | |
|---|---|---|
| 1 | – | ഇരുപത്തഞ്ച് നോമ്പാരംഭം |
| **2** | **–** | **വി. ദൈവമാതാവ് എലിസബത്തിനെ സന്ദർശിക്കുന്നു** |
| 3 | – | വി. ഫ്രാൻസിസ് സേവ്യർ |
| 4 | – | ഡമാസ്കസിലെ മാർ യോഹന്നാൻ |
| 5 | – | മാർ സാബാസ്, അലക്സാഡ്രിയായിലെ മാർ ക്ലിമ്മീസ് |
| 6 | – | അന്ത്യോക്യായിലെ മാർ തെയോഫിലോസ് |
| 7 | – | വി. അംബ്രോസ് |
| 8 | – | ദൈവമാതാവിന്റെ അമലോത്ഭവ തിരുന്നാൾ |
| **9** | **–** | **യോഹന്നാൻ മംദാനയുടെ ജനനം** |
| 10 | – | മാർ ബഹനാൻ, സഹദായും സഹോദരി സാറായും നാൽപത് സഹദേന്മാരും |
| 14 | – | കുരിശിന്റെ വി. യോഹന്നാൻ<br>മാർ അബ്രഹാം കിദുനോയോ |
| **16** | **–** | **മാർ യൗസേപ്പിനുണ്ടായ ദർശനം**<br>**മാർത്താണ്ഡം ഭദ്രാസന സ്ഥാപനദിനം (1996)** |
| 17 | – | മാർ റാബുള |
| 18 | – | മൈലാപ്പൂരിലെ അത്ഭുത കുരിശ് |
| **23** | **–** | **യൽദായ്ക്ക് മുമ്പുള്ള ഞായർ** |
| 25 | – | യൽദാപ്പെരുന്നാൾ (ക്രിസ്തുമസ്) |
| 26 | – | വി. ദൈവമാതാവിന്റെ പുകഴ്ച |
| 28 | – | ശിശുവധം, രാജാവും പ്രവാചകനുമായ ദാവിദ് |
| **30** | **–** | **ബൈബിൾ ഞായർ** |

കൊളംബോ ഇന്റർനാഷണൽ യൂണിവേഴ്സിറ്റിയിൽ
നിന്നും മനശാസ്ത്രത്തിൽ ഡോക്ടറേറ്റ്
കരസ്ഥമാക്കിയ മുറംപാത്തി സെന്റ് ജോൺസ്
മലങ്കര കത്തോലിക്ക പള്ളി ഇടവകാംഗമായ
**ഡോ. പോൾ പി. വർഗീസിന്**
രൂപതയുടെ അഭിനന്ദനങ്ങൾ






ശ്രേയസ്സിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഭിന്നശേഷി ഉള്ള കുട്ടികളുടെ
സംഗമം 'പൂവാടിയിൽ' പങ്കെടുത്തവർ അഭിവന്ദ്യ പിതാവിനൊപ്പം






മാത്യുവേദി രൂപതാതല ക്വിസ് മത്സരം മുഖ്യ വികാരി ജനറാൾ വെരി റവ. മോൺ മാത്യു
അറമ്പൻകുടിയിൽ കോർ എപ്പിസ്കോപ്പ ഉദ്ഘാടനം ചെയ്യുന്നു





പുൽപ്പള്ളി എം. സി. വൈ. എം. മേഖലയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച തെരുവു നാടകം വികാരി
ജനറാൾ വെരി റവ. ഡോ. തോമസ് കാഞ്ഞിരമുകളിൽ ഉദ്ഘാടനം ചെയ്യുന്നു.




പഴശ്ശിരാജ കോളേജ് ചരിത്രവിഭാഗം സംഘടിപ്പിച്ച സെമിനാർ അഭിവന്ദ്യ തിരുമേനി ഉദ്ഘാടനം ചെയ്യുന്നു




ഡോൺ ബോസ്ക്കോ കോളേജിൽ സംഘടിപ്പിച്ച സെമിനാർ അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്യുന്നു




കരുണെച്ചി ലിറ്റിൽ ഫ്ളവർ എൽ. പി. സ്കൂളിൽ അഭിവന്ദ്യ പിതാവ് സയൻസ് പാർക്ക്  ഉദ്ഘാടനം ചെയ്യുന്നു




മാർ ബസേലിയോസ് കോളേജ് യൂണിയൻ ഉദ്ഘാടന ചടങ്ങിൽ അഭിവന്ദ്യ പിതാവ് സംബന്ധിച്ചപ്പോൾ

From: Chancellor, Bishop's House, Sulthan Bathery, Wayanad, Kerala, India
Tel: 04936 220207, 9446492543 email: exodussby@gmail.com